പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2050 **26-10-2026-ൽ മറുപടിയ്ക്ക്**

കോതമംഗലം മണ്ഡലത്തിലെ ആയുർവേദ ആശുപത്രികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു തെക്കുംപുറം ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ആയുർവേദ ആശുപത്രികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: കോതമംഗലം നിയോജക മണ്ഡലത്തിലുള്ള സർക്കാർ ആയുർവേദ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) കിടത്തിച്ചികിത്സ സൗകര്യം ഏതെല്ലാം ആയുർവേദ ആശുപത്രികളിലാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: കോതമംഗലം നിയോജക മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന 10 കിടക്കകളോട് കൂടിയ ചെറുവട്ടൂർ ഗവ. ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ലഭ്യമാണ്.

(സി) നിലവിൽ കിടത്തിച്ചികിത്സ സൗകര്യം ലഭ്യമല്ലാത്ത ആശുപത്രികളിൽ പ്രസ്തുത സൗകര്യം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

മറുപടി: കോതമംഗലം നിയോജക മണ്ഡലത്തിലെ കിടത്തിചികിത്സ സൗകര്യം ലഭ്യമല്ലാത്ത സർക്കാർ ആയുർവേദ സ്ഥാപനങ്ങളെ പ്രസ്തുത സൗകര്യം ലഭ്യമാക്കുന്നതിനായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നം.	മുൻസിപ്പാലിറ്റി / പഞ്ചായത്ത്	സർക്കാർ ആയുർവേദ സ്ഥാപനം
1	കോതമംഗലം മുനിസിപ്പാലിറ്റി	ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, കോതമംഗലം
2	കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത്	ഗവ.ആയുർവേദ ഡിസ്പെൻസറി, മാമലക്കണ്ടം
3		ഗവ.ആയുർവേദ ഡിസ്പെൻസറി, കുട്ടമ്പുഴ
4		ഗവ.ആയുർവേദ ട്രൈബൽ ഡിസ്പെൻസറി, പിണവൂർക്കുടി
5	കീരൻപാറ ഗ്രാമ പഞ്ചായത്ത്	ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, കീരൻപാറ
6		ഗവ.ആയുർവേദ ഡിസ്പെൻസറി, കാവലങ്ങാട്
7	കോട്ടപ്പടി ഗ്രാമ പഞ്ചായത്ത്	ഗവ.ആയുർവേദ ഡിസ്പെൻസറി, കോട്ടപ്പടി
8	നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്	ഗവ.ആയുർവേദ ആശുപത്രി, ചെറുവട്ടൂർ
9		ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, നെല്ലിക്കുഴി
10	പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത്	ഗവ.ആയുർവേദ ഡിസ്പെൻസറി, പല്ലാരിമംഗലം
11	പിണ്ടിമന ഗ്രാമ പഞ്ചായത്ത്	ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, പിണ്ടിമന
12	വരപ്പെട്ടി ഗ്രാമ പഞ്ചായത്ത്	ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, വരപ്പെട്ടി